**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1031** **02-02-2026 - ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലത്തിലെ കാട്ടാന ശല്യവും നഷ്ടപരിഹാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ചേലക്കര മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന ജനവാസമേഖലയിൽ കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ചേലക്കര മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന ജനവാസമേഖലകളിൽ കാട്ടാനകൾ ഇറങ്ങിയതുമായി ബന്ധപ്പെട്ട് ആകെ 191 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവങ്ങളിൽ എത്ര കർഷകരുടെ വിളകളാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും എത്ര രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സംഭവങ്ങളിൽ 178 കർഷകരുടെ കാർഷികവിളകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഉണ്ടായ സാമ്പത്തിക നഷ്ടം ₹3,18,067/- (മൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി അറുപത്തിയേഴ് രൂപ) ആയി കണക്കാക്കിയിട്ടുണ്ട്. |
| (സി) | കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (സി) | കാട്ടാനകൾ ഉൾപ്പടെയുള്ള വന്യജീവികൾ കൃഷി ഇടങ്ങളിൽ ഇറങ്ങി കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി, ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പരിശോധിച്ച്, സീനിയോറിറ്റി ക്രമത്തിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്ത് വരുന്നു.<br><br>ചേലക്കര മണ്ഡലത്തിൽ:2022-ൽ 7 അപേക്ഷകളിലായി ₹37,363/- രൂപയും, 2023-ൽ 2 അപേക്ഷകളിലായി ₹5,976/- നഷ്ടപരിഹാരം നൽകിയിട്ടുണ്ട് .2024-ൽ 2 അപേക്ഷകളും, 2025-ൽ 8 അപേക്ഷകളും ലഭിച്ചിട്ടുള്ളതിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ